പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1531 | 15.06.2012 ൽ മറുപടിയ്ക്ക് |
|---|---|

**സ്ത്രീകളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനുമുള്ള പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റ്റി.എൻ.പ്രതാപൻ<br>,, ഹൈബി ഈഡൻ<br>,, സണ്ണി ജോസഫ്<br>,, എം.പി. വിൻസെന്റ് | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | സ്ത്രീകളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണ് ; | (എ) സ്ത്രീകളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി പുതുതായി നടപ്പിലാക്കുന്ന പദ്ധതികളാണ് നിർഭയ, തന്റേടം ജെൻഡർ പാർക്ക് തുടങ്ങിയവ. ലിംഗപരമായ അസമത്വം ഇല്ലാതാക്കുന്നതിനുവേണ്ടി കോഴിക്കോട് വെള്ളിമാടുകുന്നിലാരംഭിക്കുന്ന പദ്ധതിയാണ് തന്റേടം ജെൻഡർ പാർക്ക്.സ്ത്രീപഠനം, പ്രവർത്തനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, സംഘടനകൾ, വ്യക്തികൾ, നയങ്ങളും പ്രവർത്തനങ്ങളും തുടങ്ങിയവ കൂട്ടിയോജിപ്പിച്ച് കൊണ്ട് സ്ത്രീകളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവർക്ക് കൂടുതൽ സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ഈ പദ്ധതിക്ക് കഴിയും. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനു വേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണ് നിർഭയ.<br>സ്ത്രീകളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി വനിതാ വികസന കോർപ്പറേഷൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>1) നിലവിൽ വനിതാ വികസന കോർപ്പറേഷന് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ഇല്ലാത്ത ജില്ലകളിൽ ഹോസ്റ്റൽ തുടങ്ങുന്നതാണ്. |

| | | |
|---|---|---|
| | | 2) കോർബാങ്കിംഗ് സംവിധാനമുള്ള ബാങ്കുമായി സഹകരിച്ച് ഗുണഭോക്താവിന് വായ്പാ തിരിച്ചടവ് തൊട്ടടുത്ത ബാങ്കിന്റെ ശാഖയിൽ നടത്തുന്നതിനുള്ള സംവിധാനം സംസ്ഥാനത്തുടനീളം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.<br><br>3) കോർപ്പറേഷന്റെ മുഴുവൻ പ്രവർത്തനവും കംപ്യൂട്ടറൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നു.<br><br>4) കേരളത്തിലെ എല്ലാ വനിതാ കോളേജുകളിലും വനിതാ വികസന കോർപ്പറേഷന്റെ ഒരു വിമൻ സെൽ ഏർപ്പെടുത്തുന്നതാണ്.<br><br>5) വനിതകൾക്ക് മാത്രമായി കേരളത്തിലുടനീളം 200 ഇ-ടോയിലറ്റ് നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിൽ വിവിധ സ്ഥലങ്ങളിൽ 23 ഇ- ടോയിലറ്റുകൾ ഉടൻ ആരംഭിക്കുന്നതായിരിക്കും. |
| (ബി) | പ്രധാന പട്ടണങ്ങളിൽ വനിതാ ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) നിലവിൽ വനിതാ വികസന കോർപ്പറേഷന് തിരുവനന്തപുരം, മലപ്പുറം എന്നിവിടങ്ങളിൽ രണ്ട് എണ്ണം വീതവും കണ്ണൂർ, മാനന്തവാടി എന്നിവിടങ്ങളിലായി ഓരോ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളാണുള്ളത്. ബാക്കിയുള്ള ജില്ലകളിൽ കൂടി ഹോസ്റ്റൽ തുടങ്ങുന്നതിന് വനിതാ വികസന കോർപ്പറേഷൻ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | തീവണ്ടികളിൽ യാത്ര ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷയ്ക്കായി മറ്റു വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കുമോ? | (സി) തീവണ്ടികളിലെ സ്ത്രീ യാത്രാക്കാരുടെ സുരക്ഷയ്ക്കായി 56 വനിതാ സിവിൽ പോലീസ് ഓഫീസർമാരെ റെയിൽവെ പോലീസിന്റെ കീഴിൽ വിന്യസിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥരെ |

| | | |
|---|---|---|
| | | ട്രെയിനുകളിലെ വനിതാ കംപാർട്ടുമെന്റിൽ സുരക്ഷയ്ക്കായി നിയോഗിച്ച് അയയ്ക്കുന്നുണ്ട്. ഇതിനു പുറമെ അധികം പോലീസ് ഉദ്യോഗസ്ഥരെ ട്രെയിനുകളിൽ നിയമിച്ച് ഡ്യൂട്ടി ചെയ്യിക്കുന്നതിലേക്കായി അധികമായി 60 റെയിൽവേ പാസ്സ് അനുവദിച്ച് നൽകുവാൻ വേണ്ടി റെയിൽവേയോട് സംസ്ഥാന പോലീസ് മേധാവി ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പാസഞ്ചർ ട്രെയിനുകളിൽ സർക്കിൾ അടിസ്ഥാനത്തിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിച്ചു വരുന്നുണ്ട്. സ്റ്റേഷനുകളിൽ ട്രെയിനുകൾ നിർത്തുംപോൾ പ്ലാറ്റ്ഫോമിലും ട്രെയിനിലും ഡ്യൂട്ടിയിലുള്ള മറ്റു പോലീസുകാരും വനിതാ കംപാർട്ടു മെന്റിനു സമീപം വന്ന് പരിശോധന നടത്തുകയും ചെയ്യുന്നു. കൂടാതെ മറ്റു കംപാർട്ടുമെന്റുകളിൽ യാത്ര ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷയ്ക്കായി ജാഗ്രതയോടെ പ്രവർത്തിക്കാനായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു പുറമെ വനിതാ ഹെൽപ്പ് ലൈൻ നംപർ പ്ലാറ്റ്ഫോമിലും ട്രെയിനുകളിലും പ്രദർശിപ്പിക്കുന്നത് ഉൾപ്പടെ അത്യാവശ്യ ഘട്ടങ്ങളിൽ സുരക്ഷയ്ക്കായി പോലീസ് സഹായം ആവശ്യപ്പെടാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരികയാണ്. കൂടാതെ റെയിൽവേ സ്റ്റേഷന് പുറമെയുള്ള പരിസരങ്ങളിൽ പട്രോളിംഗ് നടത്തിയും പോലീസ് എയ്ഡ് പോസ്റ്റുകൾ വഴിയും സ്ത്രീ യാത്രാക്കാരുടെ സുരക്ഷ ഉറപ്പു വരുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കൂടാതെ തീവണ്ടികളിൽ യാത്ര ചെയ്യുന്നവരുടെ പ്രത്യേകിച്ച് |

| | | |
|---|---|---|
| | | സ്ത്രീകളുടെ സുരക്ഷ ശക്തിപ്പെടുത്തണമെന്നും അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ബഹു. മുഖ്യമന്ത്രി കേന്ദ്ര സർക്കാരിനു നൽകിയ മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, തീവണ്ടികളിൽ യാത്ര ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കുവാൻ റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ